| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാലാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3747 | | 20.07.2015-ൽ മറുപടിക്ക് | |
| വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി നവീകരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി നവീകരണ പ്രക്രിയകൾ ഇതിനോടകം തന്നെ പൂർത്തിയായിട്ടുണ്ട്. പുതുക്കിയ 35 കോഴ്സുകളിലേക്കാണ് ഈ വർഷം ഒന്നാം വർഷ പ്രവേശനം നടന്നു കൊണ്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പാഠ്യപദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദീർഘകാലമായി നിലവിലുണ്ടായിരുന്ന വൊക്കേഷണൽ വിഷയങ്ങളുടെ കരിക്കുലം, ആധുനിക സാങ്കേതിക വിദ്യകളുടെ വികാസവും തൊഴിൽ വിദ്യാഭ്യാസത്തിലെ കാലികമായ മാറ്റങ്ങളും പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കി തൊഴിൽ ദാതാക്കൾ നിഷ്കർഷിക്കുന്ന നൈപുണ്യങ്ങൾ ആർജിക്കുന്നതിനും കൂടാതെ ഉപരിപഠന സാധ്യതകൾ വർധിപ്പിക്കുന്ന തരത്തിലുമാണ് നവീകരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പാഠ്യപദ്ധതി നവീകരണത്തിന് കേന്ദ്രസഹായങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പൂർണമായും സംസ്ഥാന പദ്ധതി വിഹിതത്തിലാണ് ഇത് ഉൾപ്പെടുത്തി-യിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പാഠ്യപദ്ധതി നവീകരണത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി-യിൽ പൂർത്തിയായി കഴിഞ്ഞു. ജൂൺ 23 ന് ചേർന്ന കരിക്കുലം കമ്മിറ്റി പുതുക്കിയ പാഠ്യപദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ